# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1739 07/03/2018 -ൽ മറുപടിയ്ക്ക്

## മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് വെന്റിലേറ്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.ജോർജ്ജ്** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് വെന്റിലേറ്ററുകൾ ഇല്ലാത്തതുമൂലവും ഉള്ളവ കേടായതു നിമിത്തവും രോഗികൾ മരിക്കുന്ന അവസ്ഥ സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | അതീവ ഗുരുതരമായ ആരോഗ്യസ്ഥിതിയുമായി അനവധി രോഗികൾ വന്നെത്തുന്ന മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ ഓപ്പറേഷനുകൾക്ക് വിധേയമാകുന്നവർക്കും ജീവൻ നിലനിർത്തുന്നതിന് വെന്റിലേറ്റർ സഹായം അനിവാര്യമായ രോഗികൾക്കും ലഭ്യമായ വെന്റിലേറ്റർ സൗകര്യങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്.എന്നാൽ ആശുപത്രിയുടെ ക്രിയാശേഷിയുടെ നാലിരട്ടിയിലധികം രോഗികൾ വന്നെത്തുന്ന അപൂർവ്വ ഘട്ടങ്ങളിൽ എല്ലാപേർക്കും വെന്റിലേറ്റർ സൗകര്യങ്ങൾ നല്കാൻ കഴിയാതെ വന്നിട്ടുണ്ട്. നിലവിൽ പ്രവർത്തന സജ്ജമായ വെന്റിലേറ്ററുകളുടെ സേവനം സമയോചിതമായി രോഗികൾക്ക് നല്കി വരുന്നുണ്ട്. അറ്റകുറ്റപണി നടത്തി ഉപയോഗപ്രദമാക്കാൻ കഴിയുന്ന വെന്റിലേറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലകളിലെ തെരെഞ്ഞെടുക്കപ്പെട്ട ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാകുന്നതോടെ വികേന്ദ്രീകൃതമായ വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കാനും മെഡിക്കൽ കോളേജുകളിൽ ഇന്ന് അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ ഓരോ മെഡിക്കൽ കോളേജിലും നിലവിൽ എത്ര വെന്റിലേറ്ററുകൾ ഉണ്ടെന്നും , ആയതിൽ പ്രവർത്തിക്കുന്നവ എത്രയെന്നും ജില്ല തിരിച്ച് വിശദമാക്കുമോ? | (ബി) | (see table below) |

| മെഡിക്കൽ കോളേജുകൾ | ആകെ വെന്റിലേറ്ററുകൾ | പ്രവർത്തന ക്ഷമമായത് |
|---|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 73 | 60 |
| സർക്കാർ മെഡിക്കൽ കോളേജ് ,ആലപ്പുഴ | 66 | 58 |
| സർക്കാർ മെഡിക്കൽ കോളേജ് ,കോട്ടയം | 96 | 87 |
| സർക്കാർ മെഡിക്കൽ കോളേജ്,തൃശ്ശൂർ | 58 | 48 |
| സർക്കാർ മെഡിക്കൽ കോളേജ് ,കോഴിക്കോട് | 81 | 67 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 14 | 13 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 11 | 11 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 12 | 12 |
| | 411 | 356 |

| | | | |
|---|---|---|---|
| (സി) | സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ചിരിക്കുന്ന മിക്ക രോഗനിർണ്ണയ മെഷ്യനുകളും (സ്കാനർ, എക്സ്റേ തുടങ്ങിയവ) ഉപയോഗശൂന്യവും നിലവാരം കുറഞ്ഞവയും ആയതിനാൽ, രോഗികൾക്ക് അമിത ചാർജ്ജ് നല്കി പ്രൈവററ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിലെ രോഗനിർണ്ണയ മെഷ്യനുകൾ പ്രവർത്തന സജ്ജവും ഗുണനിലവാരം പുലർത്തുന്നവയുമാണ്. അപൂർവ്വ അവസരങ്ങളിൽ അവയിൽ ഏതെങ്കിലും കേട്ടു വന്നാൽ താമസംവിനാ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള AMC/CAMC വച്ചിട്ടുണ്ട്. എന്നിരുന്നാലും തീരെഉപയോഗപ്രദമല്ലാത്തതും അറ്റകുറ്റപണി നടത്താൻ കഴിയാത്തതും സാങ്കേതിക വിദ്യ കാലഹരണപ്പെട്ടതുമായവയ്ക്ക് പകരം പുതിയവ വാങ്ങി സ്ഥാപിക്കുന്നതിന് വാർഷിക പദ്ധതിയിൽപ്പെടുത്തി അനുവദിച്ചു വരുന്നു. |
| (ഡി) | സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികളുടെ രോഗനിർണ്ണയം നടത്തുന്നതിന് ആവശ്യമായ പരിശോധനാ മെഷ്യനുകൾ പ്രസ്തുത ആശുപത്രികളിൽ തന്നെ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | സർക്കാർ ആശുപത്രികളിൽ രോഗനിർണ്ണയത്തിനുള്ള മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട് |
| (ഇ) | വിവിധ സർക്കാർ ആശുപത്രികളിലെ രോഗനിർണ്ണയ മെഷ്യനുകളുടെ പോരായ്മകൾ പഠിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**